**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1670** **11-10-2024 - ൽ മറുപടിയ്ക്ക്**

**നാലുവർഷ ബിരുദ പ്രോഗ്രാം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ഡോ. മാത്യു കുഴൽനാടൻ,<br>ശ്രീമതി കെ. കെ. രമ,<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | ദേശീയ വിദ്യാഭ്യാസ നയത്തിന്റെ ഭാഗമായി ഈ അക്കാദമിക വർഷം മുതൽ നടപ്പാക്കിയ നാലുവർഷ ബിരുദ പ്രോഗ്രാമിന്റെ സിലബസ്സുകൾ മുഴുവനും എല്ലാ സർവ്വകലാശാലകളും പ്രസിദ്ധീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്ത് പ്രൊഫ. ശ്യാം ബി. മേനോൻ അദ്ധ്യക്ഷനായ ഉന്നതവിദ്യാഭ്യാസ പരിഷ്കരണ കമ്മീഷൻ ശിപാർശകൾ പ്രകാരമാണ് നാലുവർഷ ബിരുദ പ്രോഗ്രാമുകൾ ആരംഭിക്കാൻ തീരുമാനിച്ചിട്ടുള്ളത്. നാലു വർഷ ബിരുദ പ്രോഗ്രാമിന്റെ സിലബസുകൾ അതാത് സർവകലാശാലകൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. |
| (ബി) | ഒന്നാം സെമസ്റ്റർ ബിരുദ പരീക്ഷകൾ നവംബറിൽ ആരംഭിക്കാനിരിക്കെ പാഠപുസ്തകങ്ങൾ പൂർണ്ണമായും തയ്യാറായിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന്മേൽ എന്ത് നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ; | (ബി) | ബിരുദ കോഴ്സുകൾക്കുള്ള മുഴുവൻ പാഠപുസ്തകങ്ങളും സർവകലാശാലകൾ നേരിട്ട് പ്രസിദ്ധീകരിക്കാറില്ല. എല്ലാ സർവകലാശാലകളും അവരുടെ കോഴ്സുകൾക്ക് ആവശ്യമായ റഫറൻസ് ബുക്കുകളുടെയും ഓൺലൈൻ അടക്കമുള്ള മറ്റു വിഭവങ്ങളുടെയും പട്ടിക പ്രസിദ്ധീകരിച്ചിട്ടുണ്ട്. |
| (സി) | ഒന്നാം സെമസ്റ്റർ പരീക്ഷകൾ ആരംഭിക്കുന്നതിനുമുമ്പ് കെ-റീപ് സോഫ്റ്റ്‌വെയർ പ്രവർത്തനക്ഷമമാക്കാനുള്ള നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (സി) | വിദ്യാർത്ഥി പ്രവേശനം മുതൽ സർട്ടിഫിക്കറ്റ് വിതരണവും, പരീക്ഷാ ഫലപ്രഖ്യാപനവും വരെയുള്ള സർവ്വകലാശാല അക്കാദമിക ഭരണ പരീക്ഷാ പ്രവർത്തനങ്ങൾക്ക് സഹായകരമായ കേരള റിസോഴ്സസ് ഫോർ എജ്യുക്കേഷണൽ അഡ്മിനിസ്ട്രേഷൻ ആന്റ് പ്ലാനിംഗ് (K-Reap) സോഫ്റ്റ്വെയർ സംബന്ധിച്ച പ്രവർത്തനങ്ങൾ സർവ്വകലാശാലാ തലത്തിൽ ആരംഭിച്ചിട്ടുണ്ട്. ഇതിനായുള്ള സംസ്ഥാനതല പ്രോജക്ട് മോണിറ്ററിംഗ് യൂണിറ്റ് (PMU) ഉന്നത വിദ്യാഭ്യാസ കൗൺസിൽ രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. സർവ്വകലാശാലകളിലും കെ-റീപ് പ്രവർത്തനത്തിനായി സർവ്വകലാശാലാ PMU രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാന സർക്കാർ സ്ഥാപനമായ അസാപ് കേരളയുടെ സഹകരണത്തോടുകൂടിയാണ് ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ നേതൃത്വത്തിൽ കെ-റീപ് |

| | | | |
|---|---|---|---|
| | | | സംവിധാനം പ്രവർത്തനക്ഷമമാക്കുന്നത്. സർവ്വകലാശാലകളെ പങ്കെടുപ്പിച്ചുകൊണ്ട് കെ-റീപ് സോഫ്റ്റ്വെയറുമായി ബന്ധപ്പെട്ട പരിശീലന പരിപാടികൾ ആരംഭിച്ചിട്ടുണ്ട്.<br><br>ഒന്നാം സെമസ്റ്റർ പരീക്ഷകൾ സർവകലാശാലകളിൽ നിലവിലുള്ള സംവിധാനങ്ങൾ ഉപയോഗിച്ച് പൂർത്തീകരിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. രണ്ടാം സെമസ്റ്റർ മുതൽ എല്ലാ സർവകലാശാലകളും കെ-റീപിന്റെ സൗകര്യങ്ങൾ ഉപയോഗിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ